കൊള്ളരുതാത്തതാണെങ്കിൽ ആ സമ്പ്രദായം നിറുത്തുകയൊ പരിഷ്കരിക്കുകയൊ ചെയ്യണം. ആ വിദ്യാഭ്യാസം നിലവിലിരിക്കുന്നിടത്തോളം കാലം എല്ലാവർക്കും ലഭിക്കുമാറാക്കുകയും വേണം. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പരിഷ്കരിക്കുന്നതിനു എന്റെ ഈ പ്രമേയം ഒരുവിധത്തിലും ബാധകമല്ലാത്തതുകൊണ്ടു ആ വാദം ഇവിടെ അപ്രകൃതവും അസംഗതവും ആണു". ഇന്നത്തെ സെക്കണ്ടറി വിദ്യാഭ്യാസം, അതിന്റെ ദുർവ്വഹമായ ചിലവു നിമിത്തം, സമ്പാദിക്കാൻ നിവർത്തിയില്ലാത്ത പാവപ്പെട്ടവർക്കു ലഭിക്കണമെന്നു പറയുമ്പോൾ ആ വിദ്യാഭ്യാസത്തെ കൊള്ളുകയില്ലെന്നു പറയുന്നതു അതു അവർക്കു നിഷേധിക്കുന്നതിനുള്ള ഒരുപായമായിട്ടു ഗണിക്കപ്പെടുകയുള്ളു. വാസ്തവത്തിൽ ഒരാൾ സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചവനാണെന്നു പറയണമെങ്കിൽ ഇന്നു സ്കൂൾഫൈനലെങ്കിലും പാസായേ മതിയാവൂ. ഞാൻ ഇക്കാട്ടത്തിൽ ഒരു നിർദ്ദേശം നല്കുവാൻ ആഗ്രഹിക്കുന്നു. ഈ ഹൈസ്കൂളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്കു", ആദായകരമാകാവുന്ന എന്തെങ്കിലും ഒരു പദ്ധതി, നമ്മുടെ വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാർക്കു" കണ്ടുപിടിച്ചു". അതു" നടപ്പിൽ വരുത്തുവാൻ പ്രയാസമായിട്ടുള്ളതല്ല. ഇതുപോലെയുള്ള പദ്ധതികൾ മറ്റുള്ള പല പരിഷ്കൃത രാജ്യങ്ങളിലും നടപ്പുള്ളതാണു". അവിടെയുള്ള പാവപ്പെട്ട കുട്ടികൾക്കു" സൌജന്യ വിദ്യാഭ്യാസം സിദ്ധിക്കുന്നതിനു പുറമെ, അവരുടെ കുടുംബത്തിലേക്കു" ഒരു സമ്പാദ്യം ഉണ്ടാക്കത്തക്ക വിധത്തിൽ ഇതുപോലെയുള്ള പദ്ധതികൾ മുഖേന അവർക്കു" സാധിക്കുന്നതാണു". അതുപോലെയുള്ള ഒരേർപ്പാടു" നമ്മുടെ നാട്ടിലില്ലാത്തതുകൊണ്ടാണു" ഇവിടെയുള്ള പാവപ്പെട്ട കുട്ടികളുടെ ബുദ്ധിയും, തൻറേടവും വികസിക്കുവാനിടയാകാത്തതു". അതുകൊണ്ടു" വിദ്യാഭ്യാസ വിഷയത്തിൽ ഇന്നു നിലവിലുള്ള അവശതകളെ പരിഹരിക്കണമെന്നുള്ളതാണു" എന്റെ ഉദ്ദേശം. ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്നു" ഈ സഭയോടു ആവശ്യപ്പെട്ടുകൊണ്ടു" ഞാൻ ഇതിവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

Resolution put and carried.

Mr. Jos K. Verghese *(Trichur-South)*: A poll, Sir.

Mr. Deputy President: It is too late.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, when a poll is demanded it can be allowed at any time. If the Hon'ble Member withdraws it, that is another matter.

Mr. Deputy President: I waited to see whether anybody demanded a poll and it is only then that I declared the resolution passed. Then there is an end of the matter.

7. Educational Concessions to the Araya Community

മിസ്റ്റർ കെ. എ. രാഘവൻ: സർ, "വിദ്യാഭ്യാസത്തിൽ കൊച്ചിയിലെ അരയ സമുദായം ഏറ്റവും പിന്നണിയിലാണെന്നുള്ള പരമാർത്ഥത്തെ ആസ്പദമാക്കി അധഃകൃതവിദ്യാർത്ഥികൾക്കു" അനുവദിച്ചു കൊടുത്തിട്ടുള്ള വിദ്യാഭ്യാസ സൌജന്യങ്ങളെങ്കിലും കൊച്ചിയിലെ അരയ വിദ്യാർത്ഥികൾക്കും അനുവദിച്ചു കൊടുക്കണമെന്നു" ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ശുപാർശ ചെയ്യുന്നു". ഇതാണു" എന്റെ പ്രമേയം. വാചകം കുറച്ചു നീണ്ടതാണെങ്കിലും ഇതിന്റെ ഉള്ളടക്കം വളരെ പരിമിതമാണു". കഴിഞ്ഞ കക്കിടകമാസത്തിലോ, അതിനു മുമ്പോ മറ്റോ അയച്ചതായ ഒരു പ്രമേയമാണു" ഇതു". ഇതു" ഇപ്പോഴാണു" ഈ സഭയിൽ ആലോചനക്കെടുക്കുവാനുള്ള ഒരു സന്ദർഭം ലഭിച്ചതു". നിരക്ഷരകുക്ഷികളായ എന്റെ പാവപ്പെട്ട സമുദായത്തിന്റെ ഭാവിശ്രേയസ്സിനുള്ള ഒരു പിഞ്ചുന ശകുനമായിട്ടു ഞാൻ വിചാരിക്കുന്നു. ഇതിനു" മുമ്പു" ഇവിടെ വാദപ്രതിവാദത്തിനിടയാക്കിയ ആ പ്രമേയം പോലെ അതു വിപ്ലവകരമായ ഒന്നല്ലാ ഇതു". ഇതിനു" അതുപോലെ പത്തോ, പന്ത്രണ്ടോ ലക്ഷം രൂപാ ചിലവു" ചെയ്യണമെന്നതായിട്ടും വരികയില്ല. സർ, മറ്റു പിന്നോക്കം നില്ക്കുന്ന ചില സമുദായങ്ങളോടൊപ്പമെങ്കിലും, എന്റെ സമുദായവും അഭിവൃദ്ധിപ്പെടണമെങ്കിൽ അവർക്കു" ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സൌകര്യം സദയം വികസിതമാക്കേണ്ടതു", സപ്രജകളിൽ, സമദൃഷ്ടിയും, സമഭാവനയുമുള്ള നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ഒരു ചെറിയ കടമയാണെന്നു" ഉൽബോധിപ്പിക്കയാണു" എന്റെ ഈ പ്രമേയം കൊണ്ടു" ഉദ്ദേശിച്ചിട്ടുള്ളതു". എന്റെ സമുദായം ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും ഒഴിഞ്ഞു മാറുവാൻ നിവൃത്തിയില്ലാത്ത ബാഹ്യപരിപക്ഷത്താൽ നിറയപ്പെട്ടതാണു". വളരെ കാലങ്ങളായി അവർ കടലിന്റേയും, കായലിന്റേയും കാവ

LIBRARY ARCHIVES Kerala Legislative Assembly

ലാളരായി പാത്തു അശ്രാന്ത പരിശ്രമം ചെയ്തു"—ഉപജീവിച്ചു. ഇന്ന അവക്ക് ശരിയായ വിധത്തിലുള്ള ഒരു വിദ്യാഭ്യാസമോ, അല്ലെങ്കിൽ മറെറ വിധത്തിലുള്ള പരിഷ്കാരങ്ങളോ ലഭിച്ചിട്ടില്ല. അങ്ങിനെയുള്ള ഒരു പരിഷ്കൃതമല്ലാത്ത ജീവിതമാണ് അവർ ഇന്ന നയിച്ചു കൊണ്ടിരിക്കുന്നതെന്നു പറയാതെ തരമില്ല. മറെറ ഞങ്ങിവുള്ളികരമായ മാർഗ്ഗങ്ങളെപ്പററിയുള്ള യാതൊരു ചിന്തക്കും ഇന്നവക്ക് സന്ദർഭമില്ല. ഗണ്യമായ സ്ഥാവരജംഗമസമ്പത്തുക്കളൊന്നും അവക്കില്ല. കച്ചവടം, വ്യവസായം മുതലായ കാര്യങ്ങളിൽ ഉഷ്ണിവച്ചിട്ടുള്ളവരും അവരിൽ വളരെ ദുർല്ലഭം തന്നെയാണ്. കൃഷിയിലാണെങ്കിൽ അവർ സ്വല്പാ അന്യന്തമോത്സുകരാണ്. ഇങ്ങിനെയുള്ളസ്ഥിതിക്ക് അവക്ക് പുരോഗമിക്കുവാൻ, ഇന്നത്തെ വ്യയഹേതുകമായ വിദ്യാഭ്യാസം സമ്പാദിപ്പാൻ സാദ്ധ്യമല്ലാതെയാണ് വന്നിരിക്കുന്നതു". എന്തായാലും വിദ്യാഭ്യാസത്തിന്റെ വളർച്ചയിൽക്കൂടിയല്ലാതെ ഒരു സമുദായം ഞങ്ങിവുള്ളി പ്രാപിക്കുകയില്ലെന്നുള്ളതിനാൽ സാമുദായികമായ ഉൽബുദ്ധതയും രാഷ്ട്രീയ പ്രബുദ്ധതയും തമ്മിൽ അഭിപ്രായഭേദമെന്യേ ഇണങ്ങിച്ചേരാനുള്ള ഒരു വിഷയം വിദ്യാഭ്യാസംപോലെ മറെറാന്നുമില്ല. രാഷ്ട്രീയാങ്ങിവുള്ളിക്ക് വിദ്യാഭ്യാസം വിവിധ രാഗങ്ങളിലും വികസിപ്പിക്കുന്നതു് അത്യാവശ്യമെങ്കിൽ, എന്റെ സമുദായക്കാരുടെ ഇന്നത്തെ വിദ്യാഭ്യാസനിലവാരം പുരോഗതി പ്രാപിക്കണമെങ്കിൽ അധഃകൃതർക്ക് അനുവദിച്ചു കൊടുത്തിട്ടുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളെങ്കിലും ഞങ്ങൾക്കും അവകാശപ്പെടുവാൻ അർഹതയുണ്ട്. ഈ സമുദായത്തിന്റെ പരിതാപാവസ്ഥയുടെ പരമാർത്ഥത്തിൽ തെളിഞ്ഞു കാണുന്ന ഞങ്ങളുടെ ഈ സഹായാർഹതയെ ചവിട്ടി തേയ്ക്കുവാൻ തക്ക കഠിന ഹൃദയന്മാർ ആരുംതന്നെ ഇക്കാലത്തു ഉണ്ടായിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം. വിദ്യാഭ്യാസവിഷയത്തിൽ ഗവൺമെണ്ടിന്റെ കാര്യമായ സഹായവും, ഗണ്യമായ പിൻതുണയുമില്ലാതെ മറെറാന്നുകൊണ്ടും ഈ സമുദായം അഭിവൃദ്ധിപ്പെടുകയില്ലെന്നുള്ള കാര്യവും തീർച്ചയാണ്. അതുകൊണ്ട് അധഃകൃതരോടൊപ്പമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളെങ്കിലും ഞങ്ങൾക്കും അനുവദിച്ചു തരണമെന്നു്, ഞാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് അപേക്ഷിക്കുകയും, അതിനുള്ള സഹായ സഹകരണങ്ങൾ ചെയ്തുതരുവാൻ ഈ സഭയിലെ എല്ലാ മെമ്പർമാരോടും അപേക്ഷിക്കുകയും ചെയ്തുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കെ. ഡിവർ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഈ പ്രമേയം അംഗീകരിക്കുമ്പോൾ ഒരു കാര്യം ഗവൺമെണ്ടു് ശ്രദ്ധിക്കേണ്ടതുണ്ട്. അധഃകൃതക്ക് വിദ്യാഭ്യാസ സൌകര്യങ്ങൾക്കുള്ള പണം ഗവൺമെണ്ടു് നീക്കിവെക്കുവാൻ തുടങ്ങിട്ടു വളരെ കാലമായിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലെ ബഡ്ജററുകൾ നോക്കിയാൽ ഈ സംഖ്യ വളരെ കുറഞ്ഞു കുറഞ്ഞു പോന്നിട്ടുള്ളതല്ലാതെ അതിൽനിന്നു് ഒന്നും തന്നെ കൂടിട്ടില്ലെന്നു് നമുക്കു് കാണുവാൻ കഴിയും. ആദ്യ കാലത്തു വിദ്യാഭ്യാസഡയറക്ടരുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടന്നുവന്നിരുന്ന അധഃകൃതോദ്ധാരണവകുപ്പിൽ അന്നത്തെ ഭരണകാലത്തുള്ള ബഡ്ജററു നോക്കിയാൽ ഇതിന്റെ ഭേദഗതി കാണാവുന്നതാണ്. അതിനും പുറമെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായി പലെ പുതിയ സമുദായങ്ങളേയും ഇതിൽ കൂട്ടിച്ചേർത്തു് അധഃകൃതക്കുള്ള ആനുകൂല്യങ്ങളിൽനിന്നു് അവക്കും വീതിച്ചു കൊടുക്കുകയാണ് ചെയ്തുന്നതു്. എന്നാൽ അങ്ങിനെ വേറെ സമുദായക്കാരേ അധഃകൃതവർഗ്ഗത്തിൽ കൂട്ടിചേർത്തപ്പോൾ അതിനനുരൂപമായ സംഖ്യയും കൂട്ടുകയുണ്ടായിട്ടില്ല. അധഃകൃതക്കുള്ള സൌജന്യങ്ങൾ അനുഭവിക്കുവാൻ ആളുകൾ വർദ്ധിച്ചു. ഇതു് ഒരു ന്യായമായിട്ടുള്ള ആക്ഷേപമാണ്. അധഃകൃതക്ക് കൊടുക്കുന്നതായിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അതു് അവർക്കുതന്നെ കൊടുക്കണം. അല്ലാതെ അതിനുവേണ്ടി നീക്കിവെച്ചിരിക്കുന്ന സംഖ്യയിൽനിന്നും, മറെറ സമുദായങ്ങളെ അധഃകൃത ലിസ്റ്റിൽ പ്പെടുത്തി കൊടുക്കുന്നതു ന്യായമായിരിക്കയില്ല. അധഃകൃതക്ക് നല്കുന്നതുപോലെയുള്ള വിദ്യാഭ്യാസ സൌജന്യങ്ങൾ അനുവദിക്കുന്നതു അധഃകൃതോദ്ധാരണ വകുപ്പിന്റെ ബഡ്ജററിൽ നിന്നാകരുതു്. അതു പൊതു വിദ്യാഭ്യാസ ബഡ്ജററിൽ നിന്നായിരിക്കണം. അതു ഗവൺമെണ്ടു നല്ലപോലെ മനസ്സിലാക്കണമെന്നു് ഒരപേക്ഷയുണ്ട്. അധഃകൃതക്ക് കൊടുക്കുന്നതുപോലെ ചില വിദ്യാഭ്യാസ സൌജന്യങ്ങൾ വേറെ ചില സമുദായങ്ങൾക്കും കൊടുക്കുന്നുണ്ട്. മുസ്ലീമുകൾക്കും, യഹൂദന്മാർക്കും, നമ്പൂതിരിമാർക്കും ഇപ്പോൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. ഇതെല്ലാം അധഃകൃതക്ക് നീക്കിവെച്ചിരിക്കുന്ന സംഖ്യയിൽ നിന്നല്ല. പൊതു വിദ്യാഭ്യാസ ബഡ്ജററിൽ നിന്നാണ്. അതുപോലെതന്നെ മറെറ പിന്നാക്ക ഹിന്ദു സമുദായങ്ങൾക്കു നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾക്കും ജനറൽ ബഡ്ജററിൽ വക കൊള്ളിക്കേണ്ടതാണ്. അല്ലാതെ പിച്ചച്ചട്ടയിൽ നിന്നും കയ്യിട്ടു വാരരുതെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അപേക്ഷ. കൊച്ചിയിലെ അരയന്മാരെ സംബന്ധിച്ചേടത്തോളം അവർ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമാണ്. ഇവിടെ ഹൈസ്കൂളുകളും കോളേജുകളും അവരുടെ സമീപസ്ഥലത്തുണ്ടായിട്ടുപോലും വളരെ തുച്ഛമാളുകൾക്ക് മാത്രമേ ബി. എ: പരീക്ഷയും സ്പെഷൈനൽ പരീക്ഷയും പാസ്സാകാൻ സാധിച്ചിട്ടുള്ളൂ. മറവുള്ളവരെ അപേക്ഷിച്ചുനോക്കുമ്പോൾ ഇവർ പ്രായേണ വളരെ ദരിദ്രരാണ്. നമ്മുടെ രാജ്യത്തെ പാവപ്പെട്ട കൃഷിവലന്മാരെപോലെ തന്നെ ഇവരും വെള്ളത്തിൽ പണിചെയ്യ ഉപജീവനം കഴിക്കുന്നവരാണ്. അവരുടെ വേലക്ക് കിട്ടുന്ന പ്രതിഫലം വളരെ കുറഞ്ഞതുമാണ്. ഒരു ഒകാല്ലത്തിൽ മുന്നോ, നാലോമാസങ്ങളിൽ മാത്രമെ അവക്ക് വാസ്തവത്തിൽവേലയുള്ളൂ. ഈ മൂന്ന നാലു മാസങ്ങൾകൊണ്ട്കിട്ടുന്ന സമ്പാദ്യം കൊണ്ടുവേണം അവരുടെ ഒരു കൊല്ലത്തെ കുടുംബ ചിലവു കഴിച്ചുകൂട്ടുവാനും അവരുടെ കുട്ടികളെ പഠിപ്പിക്കുവാനും മറവ ആവശ്യങ്ങൾ നിവ്വഹിക്കുവാനും. ഇങ്ങിനെ പല വിധത്തിലും ബുദ്ധിമുട്ടുകളുള്ള ആളുകളാണ് അവർ. ഈ നില വെച്ചു നോക്കുമ്പോൾ അവർ തീവ്രയായും സർക്കാരിന്റെ സഹായം തികച്ചും അഹിക്കുന്നു. പ്രത്യേകിച്ചും അരയന്മാർ സ്ത്രീ വിദ്യാഭ്യാസത്തിൽ വളരെ അധികം പിന്നോക്കമാണ്. അവരെക്കാൾ പിന്നോക്കം നില്ക്കുന്ന സമുദായങ്ങളിലുള്ള സ്ത്രീകളേക്കാൾ വളരെ മോശമാണ് ഈ സമുദായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലയെന്നു ഞാൻ പറയാതെ തന്നെ അറിയാവുന്നതാണ്. അവരുടെയിടയിലുള്ള സ്ത്രീകളിൽ ബി. എ. പാസ്സായിട്ടുള്ളവർ മുന്നിലധികമുണ്ടോ എന്നു സംശയമാണ്. അതുകൊണ്ട് അവരുടെ കാര്യത്തിലും കാര്യമായി ശ്രദ്ധിക്കേണ്ടതാണ്. മറെറാരു വിധത്തിൽ നോക്കുന്നപക്ഷം അരയസമുദായത്തോടു നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഗവണ്മെണ്ടിനു പ്രത്യേകമൊരു കടമയുണ്ടെന്നും കൂടി ഈ അവസരത്തിൽ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ ഡയറക്ടർ എന്തെങ്കിലും ഒഴികഴിവു പറയാതെ ഇതിനെ കാര്യമായി ഗൌനിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

* മിസ്റ്റർ പി. ടി ജേക്കബ്: സർ, ഈ പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു. അരയന്മാരുടെ കാര്യത്തിൽ ഗവണ്മെണ്ടു മറവ പല സഹായങ്ങളും ചെയ്യുന്നുണ്ടെങ്കിലും അവരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളം.....

മിസ്റ്റർ പി. കെ. ഡിവർ: എന്തു സഹായമാണ് അരയന്മാക്ക് ഗവണ്മെണ്ടിൽനിന്നു ചെയ്യുന്നതു? യാതൊരു സഹായവുമില്ല.

മിസ്റ്റർ പി ടി. ജേക്കബ്: അങ്ങിനെയില്ലെങ്കിൽ അതു എന്റെ തെറ്റിദ്ധാരണയാണ്. അവക്ക് ഏറവും അത്യവശ്യമായിട്ടുള്ളതാണ് വിദ്യാഭ്യാസമെന്നുള്ളതു നമുക്കറിയാം. അങ്ങിനെയുള്ള ഒരു കാര്യത്തെ അവരുടെ സമുദായത്തിലെ ഒരു അംഗം ഈ നിയമസഭയിൽ ആവശ്യമാണെന്നു വാദിക്കുമ്പോൾ അതിനെ ആരും എതിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെണ്ടും ഈ കാര്യത്തിൽ അനുകൂലിക്കുമെന്നാണ് എന്റെ വിശ്വാസം. വിദ്യാഭ്യാസഡയറക്ടർ അവർകളും ഇതിനുവേണ്ടതായ നിർദ്ദേശങ്ങളും അടുത്ത ബഡ്ജറിൽ നല്കി അതിനുവേണ്ടതായ ഒരുതുക ബഡ്ജറിൽ കൊള്ളിക്കുമെന്നാണ് എന്റെ വിശ്വാസം. ഇവരിൽ ഉദ്യോഗവും കടലോരപ്രദേശങ്ങളിൽ മാത്രമല്ലാ, തീരപ്രദേശങ്ങളിലും താമസിക്കുന്നവരാണ്. കാര്യമായിട്ടുള്ള ജീവിതസൌകര്യം അവക്ക് ഉണ്ടെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. അവരുടെ ജോലിതന്നെ ഏതാണ്ടു ഇതിനനുകൂലിക്കുന്ന വിധത്തിലല്ല, അതുകൊണ്ട് അവക്ക് ഈ പ്രമേയത്തിൽ പറയുന്നവിധത്തിലുള്ള ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുവാൻ ഗവണ്മെണ്ടു മടിക്കയില്ലെന്നു വിശ്വസിച്ചുകൊണ്ടു ഞാൻ ഇതിനെ അനുകൂലിച്ചുകൊള്ളുന്നു.

* മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. അരയസമുദായത്തിന്റെ യഥാർത്ഥസ്ഥിതി എന്താണെന്നു കൊച്ചി ഗവണ്മെണ്ടു നല്ലപോലെ ധരിച്ചിട്ടുണ്ടായെന്നാണ് എന്റെ സംശയം. അങ്ങിനെയുണ്ടെങ്കിൽ അവരുടെ യഥാർത്ഥസ്ഥിതിയുടെ ഒരുഭാഗം മാത്രമെ ആയിട്ടുള്ളൂ. എന്നാൽ മാറെറാഭാഗത്തെപ്പറ്റിയാണ് ഈ റസിലൂഷൻ. അരയസമുദായത്തിനു വലിയസ്ഥാനം കൊച്ചിഗവണ്മെണ്ടു കല്പിച്ചിട്ടുണ്ടെന്നുള്ളതു എല്ലാവക്കും അറിയാം. നമ്മുടെ മഹാരാജാക്കന്മാർ സ്ഥാനാരോഹണം ചെയ്യുന്നതിനു മുമ്പു നടക്കുന്ന തിരുമൽക്കാഴ്ചയിൽ ആദ്യത്തെ സ്ഥാനത്തിനു അർഹന്മാരാകാനുള്ള ഒരുഭാ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഗ്യം അരയസമുദായത്തിനാണുള്ളതു". എന്നിരുന്നാലും, അവരുടെ യഥാർത്ഥസ്ഥിതിയെപ്പ റ്റിയാണു" ഈ റസിലൂഷൻ കൊണ്ടുവന്നിട്ടുള്ളതു". വിദ്യാഭ്യാസത്തിലാണെങ്കിൽ അ വർ വളരെ പിന്നോക്കമാണെന്നുള്ളതിനു" നമ്മുടെ സെൻസസ്സു റിപ്പോർട്ട നോക്കിയാൽ അ റിയാവുന്നതാണു". നുസ്ഥിതിക്കു" വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നണിയിൽ കിടക്കുന്ന ഈ സമുദായത്തിനു" മറ്റു സമുദായങ്ങൾക്കും ചെയ്യിട്ടുള്ള വിദ്യാഭ്യാസാനുകൂല്യം കൊടുക്കണമെ ന്നു" പറയുന്നതിൽ യാതൊരു തെറ്റുമുണ്ടോയെന്നു" പറയുവാൻ നിവൃത്തിയില്ല. ഏതു സ മുദായത്തിൽപ്പെട്ട ആളാലും തരക്കേടില്ല; വിദ്യാഭ്യാസം സംബന്ധിച്ചു പ്രോത്സാഹനം ചെയ്യേണ്ടതു" അത്യാവശ്യമാണു". പക്ഷെ, സാമ്പത്തികസ്ഥിതികൊണ്ടു ചില പ്രത്യേക വിഭാ ഗങ്ങൾക്കു" ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടു". അതിൽ ഒരു സമുദായമാണു" അധഃകൃത സമുദായം. എന്നാൽ അധഃകൃതരെന്നു" തുറന്നു പറയുന്നവരെ ഓരോ സമുദായവും അ തിലുൾപ്പെട്ടു" ഈ ആനുകൂല്യം അനുഭവിക്കുന്നവരുണ്ടു".

റാവുസാഹിബു" കെ. അയ്യപ്പൻ: അവർ ശരിയായിട്ടുള്ള അധകൃതരല്ലല്ലൊ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ചവിട്ടി താഴ്ത്തിയവർ എന്നുപറയാം. അതുകൊണ്ടു അവർക്കു" കൊടുക്കുന്ന ആനുകൂല്യങ്ങൾ കൊടുക്കണമെന്നാണു" ഈ പ്രമേയത്തിൽ ആവശ്യ പ്പെടുന്നതു". അതുചെയ്യുകൊടുക്കുന്ന കാര്യത്തിൽ യാതൊരു മടിയും കാണിക്കേണ്ട ആവശ്യ മില്ല. വളരെ ന്യായമായിട്ടുള്ള ഒരു അപേക്ഷയാണു" ഇതു". എന്റെ സ്നേഹിതൻ ലേ ബർ പ്രതിനിധി പറഞ്ഞ ഒരുകാര്യം പ്രത്യേകം നാമാലോചിക്കേണ്ടതുണ്ടു". അധഃകൃതർക്കു" ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ അരയസമുദായത്തിനും" കൊടുക്കണമെന്നു" പറഞ്ഞാൽ, ഇ ന്നു അധഃകൃതർക്കു" ബഡ്ഡറിൽ കൊള്ളിച്ചിട്ടുള്ള സംഖ്യയിൽ നിന്നു" ആകാൻ പാടില്ല. അ തിൽ നിന്നു കയ്യിട്ടുവാരി മറ്റു പല സമുദായങ്ങൾക്കും കൊടുക്കുന്ന ഒരേർപ്പാടു ഇതിനു ബാ ധകമാകാൻ പാടില്ല. അവർക്കു" പ്രത്യേകമായിട്ടതന്നെ സംഖ്യ നീക്കിവെക്കണം. വേറെ ഒന്നു കേട്ടുവരുന്നക്കവിധത്തിലാകാൻ പാടില്ല. ആയതുകൊണ്ടു" ഈ കാര്യത്തിനുന്യായമാ യിട്ടുള്ള ഒരു സംഖ്യ നീക്കിവച്ചു" അവർക്കു" ഏറ്റവും അത്യാവശ്യമായിട്ടുള്ള ഈകാര്യം നിർവ്വ ഹിച്ചു കൊടുക്കേണ്ടതാവശ്യമാണു". ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മിസ്റ്റിസ്സു" ടി. ഫ്രാൻസീസ്സു": സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. മറ്റു പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കു" കിട്ടുന്നതുപോലെയുള്ള ആനുകൂല്യങ്ങൾ അരയ സമു ദായത്തിനും വേണ്ടതാണെന്നുള്ളതിനു" യാതൊരു സംശയവുമില്ല. അവരുടെ സമുദായത്തെ പ്പറ്റി എനിക്കു" കുറച്ചു പരിചയമുണ്ടു". അവരുടെ സമുദായത്തിൽ പഠിച്ചിട്ടുള്ളവർ വള രെ കുറച്ചു മാത്രമെയുള്ളുവെന്നു" എനിക്കറിയാം. പ്രത്യേകിച്ചു" സ്ത്രീകൾ വളരെ കുറവാണു". അവരിൽ ഒന്നോ, രണ്ടോ പേരെയല്ലാതെ പഠിച്ചവരായിട്ടു" എനിക്കറിവില്ല. ഇവർക്കു" ഈ ആനുകൂല്യങ്ങൾ നേരത്തെതന്നെ കിട്ടാതെ വന്നതു" എന്താണെന്നാണു" ഞാൻ ആലോ ചിക്കുന്നതു". അതുകൊണ്ടു" കഴിയുന്നതും വേഗത്തിൽ ഈ ആനുകൂല്യം അവർക്കു" ഗവൺമെ ണ്ടു" അനുവദിച്ചു കൊടുക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു.

റാവു സാഹിബു" കെ. അയ്യപ്പൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഇ തിൽ ബഹുമാനപ്പെട്ട ലേബർ മെമ്പർ പറഞ്ഞ സംശയത്തിനിടയില്ല. സാധാരണ അധഃകൃ തർക്കായി കൊടുക്കുന്ന സൌജന്യങ്ങൾ അവർക്കുമാത്രമേ കൊടുക്കുകയുള്ളു. അരയന്മാരെ അധഃകൃതലിസ്റ്റിൽ പെടുത്താനല്ല ഈ പ്രമേയം. അധഃകൃതർക്കുള്ളമാതിരി സൌജന്യങ്ങൾ അരയന്മാർക്കും കൊടുക്കണമെന്നേ ആവശ്യപ്പെടുന്നുള്ളു.

മിസ്റ്റർ പി. കെ. ഡീവർ: മറവുള്ളവരെ അധഃകൃതരായി എങ്ങിനെ ചേർത്തു?

റാവു സാഹിബു" കെ. അയ്യപ്പൻ: അവശതയനുഭവിക്കുന്ന സമുദായങ്ങൾക്കു" എന്തെ ങ്കിലും സൌജന്യം കൊടുക്കണമെന്നു" ഗവൺമെണ്ടുദ്ദേശിച്ചു" അങ്ങിനെയുള്ള സമുദായങ്ങ ൾക്കെല്ലാംകൂടി സൌകര്യമായ പദം കിട്ടി; അതാണു" അധഃകൃതർ എന്ന പദം, അതുപയോ ഗിച്ചുതുടങ്ങിയെന്നേയുള്ളു. ഈ സൌകര്യങ്ങൾ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെണ്ടിനു താ ല്പര്യമില്ലെന്നുവന്നാൽ അവർക്കാർക്കും മുമ്പോട്ടു വരാൻ സൌകര്യമുണ്ടാകയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനു പണം വളരെ വേണ്ടുകയില്ല.

റാവു സാഹിബു" കെ. അയ്യപ്പൻ: പണം വളരെ വന്നാൽതന്നെയും അതുണ്ടാക്കണം. ഈ കാര്യത്തിൽ ഗവൺമെണ്ടു" ഒരു എതിർ നയമെടുക്കേണ്ട ആവശ്യമില്ലെന്നാണു" എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

തോന്നുന്നതു്. സ്ഥാനാരോഹണം കഴിഞ്ഞശേഷം മഹാരാജാവു തിരുമനസ്സിലേക്കു ആദ്യം തിരുമൽക്കാഴ്ചവെക്കാനുള്ള ഭാഗ്യം ലഭിച്ചതു് ഇവക്കാണു് എന്നാലോചിക്കുമ്പോൾ എന്തൊ ഒരു വലിയ ചരിത്രം അതിലുണ്ടെന്നാണു് വിളിച്ചുപറയുന്നതു്. ഈ സംഗതി ആലോചിച്ചാൽ മുമ്പേതന്നെ ഇവക്കു സൌജന്യം ചെയ്യേണ്ടതാണെന്നവരും. ആദ്യം അവർ എങ്ങിനെയാണിരുന്നതു്, ഇപ്പോൾ എങ്ങിനെയാണിരിക്കുന്നതു് എന്നാലോചിക്കണം. അതിന്റെ കാരണമെന്തായാലും അവക്കു കൂടുതൽ സൌജന്യങ്ങൾ ചെയ്തുകൊടുക്കേണ്ട ബാദ്ധ്യത ഗവമ്മെണ്ടിനുണ്ടു് എന്നമാത്രമേ എനിക്കു പറയുവാനുള്ളു.

*മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. അവക്കു സൌജന്യങ്ങൾ കൊടുക്കുന്ന കാര്യത്തിൽ അധഃകൃതർക്കു യാതൊരു വിരോധവുമില്ല. അതു് ഏതു ഡിപ്പാർട്ട്മെണ്ടിൽനിന്നു കൊടുക്കണമെന്നകാര്യം ഗവമ്മെണ്ടുതന്നെ തീരുമാനിച്ചാൽ മതി. അധഃകൃതഡിപ്പാർട്ട്മെണ്ടിൽനിന്നാണു് കൊടുക്കുവാൻ തീരുമാനിക്കുന്നതെങ്കിൽ ഉള്ളതുകൊണ്ടു് എല്ലാവക്കുംകൂടി കൊടുക്കാമെന്നു വിചാരിക്കരുതു്. ഈ കാര്യം മാത്രമാണു് എനിക്കു ഗവമ്മെണ്ടിനോടു പറയാനുള്ളതു്. അതിനുകൂടി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുവേണം അതു കൊടുക്കാൻ തീരുമാനിക്കാൻ. ഇത്രമാത്രം പറഞ്ഞു് ഞാൻ ഈ പ്രമെയത്തെ ശക്തിയായി പിന്താങ്ങുന്നു.

റാവു സാഹിബു് ഐ. എൻ. മേനോൻ: മിസ്റ്റർ പ്രസിഡണ്ടു് സർ, ഈ റസല്യൂഷനെ സംബന്ധിച്ചു് ഇവിടെ നടന്ന പ്രസംഗങ്ങളിൽനിന്നു് പുതിയതായി ഒന്നും ഗ്രഹിക്കാൻ ഗവമ്മെണ്ടിനു കഴിഞ്ഞിട്ടില്ല എന്നു പറയാതെ നിവൃത്തിയില്ല. എനിക്കു ഒരു കാര്യം ഈ സഭയോടു പറയാനുള്ളതു്, വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കു പ്രത്യേകാനുകൂല്യങ്ങൾ ഗവമ്മെണ്ടിൽനിന്നു കൊടുക്കുവാൻ തുടങ്ങിയിട്ടു് വളരെക്കാലമായിട്ടുണ്ടു്. എന്നാൽ ഈ കാലത്തിനിടയിൽ ആനുകൂല്യങ്ങൾ അർഹിക്കുന്ന സമുദായങ്ങൾ കൂടുകയാണു ചെയ്തിട്ടുള്ളതു് എന്നു പറയുന്നതു് ആശാസ്യമായ ഒന്നാണെന്നു തോന്നുന്നില്ല. ഈ വക ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുമ്പോൾ ഉണ്ടാകുന്ന ഫലം, മുമ്പു് അധഃകൃതർ അല്ലാതിരുന്ന ആളുകളെക്കൂടി അധഃകൃതരാക്കുകയല്ലെ ചെയ്യുന്നതു് എന്നു സംശയിക്കാൻ അവകാശമുണ്ടു്. മുമ്പു് ഷെഡ്യൂൾഡു് ക്ലാസ്സു് എന്ന പേരിൽ അറിഞ്ഞിരുന്ന ആളുകളാണു് ഇന്നു് അധഃകൃതർ എന്ന നിലയിൽ ഇരിക്കുന്ന ആളുകൾ. ബാക്കുവേർഡു് ഡിപ്രസ്ഡു് ക്ലാസിൽ പെട്ടവക്കു് അധഃകൃതക്കു നൽകിവരുന്ന സൌജന്യങ്ങൾ നോക്കിയാൽ അന്നു ഗവമ്മെണ്ടുണ്ടാക്കീട്ടുള്ള ലിസ്റ്റു് ശരിയല്ല, അല്ലെങ്കിൽ വിദ്യാഭ്യാസസൌജന്യങ്ങൾകൊണ്ടുണ്ടായിട്ടുള്ള ഫലം നേരെ മറിച്ചാണു്.

ഈ സമുദായത്തിന്റെ വിദ്യാഭ്യാസനില വളരെ ഉയർന്നതാണെന്നു എനിക്കു പറയാൻ സാദ്ധ്യമല്ല, എങ്കിലും ഒരു നയമെന്ന നിലയിൽ ഇനിയും ഓരോ സമുദായങ്ങളെ അധഃകൃതസമുദായത്തിലേക്കു സ്വീകരിക്കുന്നതിനു് ഗവമ്മെണ്ടിനു ചില വിഷമങ്ങളില്ല എന്നു പറയാൻ നിവൃത്തിയില്ല. ഇനിയും മറേറാരോ സമുദായങ്ങൾ ഞങ്ങളും അധഃകൃതരാണെന്നുപറഞ്ഞു വന്നാൽ സഹായിക്കുവാൻ നിവൃത്തിയില്ലാതെവരും.

മിസ്റ്റർ പി. കെ. ഡീവർ: യുക്തമാക്കു ചില സൌജന്യങ്ങൾ നൽകുന്നില്ലേ?

Mr. Deputy President: I would like to draw the attention of the Hon'ble Members to S. O. No. 17 which reads thus:

".....If while a member is speaking a member desires to make an explanation or to ask an explanation from the member speaking, he shall rise in his place, and, if called upon by the President, shall make or ask the explanation; if not called upon he shall resume his seat."

I respectfully draw the attention of the Hon'ble Members to this Standing Order, the laxity of which is causing some trouble in the House.

റാവു സാഹിബു് ഐ. എൻ. മേനോൻ: അതുകൊണ്ടു് ഞാൻ പറയുന്നതു് ഇപ്പോൾ ഒരു സമുദായത്തിനു കൊടുത്താൽ ഇനിയും സമുദായങ്ങൾ അവശതയുള്ളവരാണെന്നു പറഞ്ഞുകൊണ്ടുവരുമെന്നാണു്. ഗവമ്മെണ്ടിന്റെ പൊതുനയം മാറേറണ്ടതായി വരും. ഡിപ്രസ്ഡു് ക്ലാസിൽ പെട്ടവക്കു് ഈ ആനുകൂല്യങ്ങൾ കൊടുക്കുക എന്നു വരുമ്പോൾ അതു വാങ്ങിക്കുവാൻ ഇനിയും ചില ആളുകൾ മുമ്പോട്ടു വരും. അതുകൊണ്ടു് അരയന്മാക്കു് ആനു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ക്കുല്യങ്ങൾ കൊടുക്കുന്നതിനുമുമ്പ്, ബാക്ക്‌വേഡ് ഡിപ്രസ്ഡ്ക്ലാസ് എന്നു പറയുന്നതിൽ പെടുന്ന മറവവല്ല സമുദായങ്ങളും ഇതു് ആവശ്യപ്പെടുമോ, അങ്ങിനെ ആവശ്യപ്പെട്ടാൽ അരയന്മാക്ക് കൊടുത്ത ആനുകൂല്യങ്ങൾ അവക്ക് കൊടുക്കാതിരിപ്പാൻ വല്ല കാരണവുമുണ്ടോ എന്നെല്ലാം ആലോചിക്കാതെ ഇതിനു തീച്ചയായ ഒരു മറുപടി പറയുവാൻ ഗവൺമെണ്ടിനു സാദ്ധ്യമല്ല.

അരയസമുദായത്തിൽ ആളുകളുടെ സംഖ്യ വളരെയുണ്ട് അതുകൊണ്ട് പണം കൂടുതൽ ചിലവാകും എന്നുള്ളതല്ല ഗവൺമെണ്ടു വിചാരിക്കുന്നതു്. അവർ വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നു എന്നു പറയുന്നുണ്ട്. വിദ്യാഭ്യാസമെന്നു പറയുന്നതു് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ അടിസ്ഥാനപ്പെടുത്തിയാണോ അതോ സാക്ഷരതയെ അടിസ്ഥാനപ്പെടുത്തിയാണോ ? സാക്ഷരതയെ ആസ്പദമാക്കിയാണു പറയുന്നതെങ്കിൽ അവർ പിന്നോക്കമല്ല. പരേതനായ മിസ്റ്റർ കറുപ്പന്റെ പ്രയത്നഫലമായി അവരുടെ ഇടയിൽ വളരെ സാക്ഷരതയുണ്ടായിട്ടുണ്ട്. അതുകൊണ്ട് സാക്ഷരതയെ മാനദണ്ഡമായി വെച്ചുനോക്കിയാൽ മറാഠകൾ എന്നു പറയുന്ന സമുദായങ്ങളെപ്പോലെ അവർ വിദ്യാഭ്യാസത്തിൽ പിന്നോക്കമല്ല. പ്രധാനമായിരിക്കുന്നകാര്യം, ഉപരിവിദ്യാഭ്യാസത്തിനു പോകുന്ന അരയന്മാക്ക് വേണ്ടുന്ന ആനുകൂല്യങ്ങൾ കൊടുക്കണോ എന്നുള്ളതു ആലോചിച്ചു ചെയ്യണം. സെൻസസ്സ് റിപ്പോർട്ടുപ്രകാരം നോക്കിയാൽ ഇവിടെ ൭, ൦൦൦ അരയന്മാരുണ്ട്. വാലന്മാർ ൟ൫, ൦൦൦-ൽ ചിലപ്പോൾ അരയന്മാരിൽനിന്നും ഇപ്പോൾ ആളുകൾ കോളേജിൽ പഠിക്കുന്നുണ്ട്. ൭, ൦൦൦-ത്തിൽ ചിലപ്പോൾ എന്നു പറയുന്നതു് സ്ത്രീപുരുഷന്മാരും കുഞ്ഞുങ്ങളുമടക്കമാണു്.

അവരിൽ അഞ്ചാറാളുകൾ കോളേജിൽ പഠിക്കുന്നുണ്ടെങ്കിൽ ആ സമുദായം വിദ്യാഭ്യാസത്തിൽ പിന്നോക്കമാണെന്നു പറയാൻ സാദ്ധ്യമല്ല. അപ്പർ സെക്കൻറി സ്കൂളിൽ ൨൫-ം, ലോവർ സെക്കൻറി സ്കൂളിൽ ൪൫-ം വിദ്യാലയങ്ങൾ ഒട്ടാകെ ആയിരത്തിൽ താഴെയും കുട്ടികൾ പഠിക്കുന്നുണ്ട്. ൭,൦൦൦ ജനസംഖ്യയിൻ രണ്ടോ മൂന്നോ ആയിരം കുട്ടികളുണ്ടാകാം. അവരിൽ ആയിരം കുട്ടികൾ പഠിക്കുന്നുണ്ട്. അതുകൊണ്ടു് സാക്ഷരതയിൽ അവർ പിന്നോക്കമല്ല. എന്നാൽ സാക്ഷരതകൊണ്ടുമാത്രം തൃപ്തിപ്പെടാമെന്നു ഗവൺമെണ്ടു വിചാരിക്കുന്നില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Can I put a question Sir?

Mr. Deputy President: Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri):* How does the percentage work out even according to your imaginary figures?

Rao Sahib I. N. Menen *(Director of Public Instruction) :* The percentage will not be very high.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is it not far below the average?

Rao Sahib I. N. Menen *(Director of Public Instruction):* It will not be below the average of the backward classes.

റാവു് സാഹിബ്ബ് ഐ. എൻ. മേനോൻ: വാദം അവിടെയാണല്ലോ. അതുകൊണ്ടു് എനിക്കു പറയാനുള്ളതു്, മറവ ഡിപ്രസ്ഡ് ക്ലാസ്സിൽ പെട്ടവരെപ്പോലെ അരയസമുദായത്തിനും ചില ആനുകൂല്യങ്ങൾ ഗവൺമെണ്ടിൽനിന്നു കൊടുക്കണമെന്നു വാദിക്കുമ്പോൾ, അതുപോലെ മറവള്ളവക്കും കൊടുക്കേണ്ടിവരുമോ എന്ന കാര്യംകൂടി ആലോചിച്ചിട്ടേ ഗവൺമെണ്ടിനു മറുപടി പറയാൻ സാധിക്കയുള്ളു. രണ്ടാമതായി പറയുന്നതു്, സാക്ഷരതയിൽ മറവ സമുദായങ്ങളെ അപേക്ഷിച്ചുനോക്കിയാൽ അരയസമുദായം പിന്നോക്കമല്ല നിലക്കുന്നതു് എന്നാണു്, ഇതു് ഒരു വാദത്തിനായി കൊണ്ടുവരുകയല്ല, ഒരു വാസ്തവം സഭയെ അറിയിക്കണമെന്നു വിചാരിച്ചുമാത്രം പറയുന്നതാണു്. അതുകൊണ്ടു് ഈ കാര്യത്തെപ്പറ്റി ഗൌരവമായി ഒന്നുകൂടി ആലോചിച്ചിട്ടില്ലാതെ ശരിയായ മറുപടി പറയാൻ സാദ്ധ്യമല്ല. ഇന്നു കേട്ടിട്ടുള്ള പ്രസംഗങ്ങളിൽനിന്നും, ഈ നാട്ടിലുള്ള മറവള്ളവരുടെ അഭിപ്രായത്തിൽനിന്നും ഈ കാര്യത്തെപ്പറ്റി ഗവൺമെണ്ടിനു നല്ലപോലെ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്, ഒരഭിപ്രായം രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ടു്. ആ അഭിപ്രായത്തെ മുൻനിറുത്തി ഈ കാര്യം ഒന്നുകൂടി ആലോചിച്ചു് ഒരു തീർപ്പുണ്ടാക്കാമെന്നു മാത്രമേ എനിക്കു പറയാനുള്ളു. ഈ റസലൂഷൻ ഇപ്പോൾതന്നെ വോട്ടിനിട്ടാൽ എനിക്കു് അതിനെ എതിർക്കാതെ തരമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എ. രാഘവൻ: സർ, എന്റെ ആവശ്യത്തിച്ചാവശ്യത്തിച്ചുള്ള അപേക്ഷകം കേട്ടിട്ടും, എന്റെ മാന്യസ്നേഹിതന്മാരായ ബഹുമാന്യമെമ്പന്മാരുടെ അഭിപ്രായങ്ങളും മനസ്സിലാക്കിയിട്ടും ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പർ ഇപ്രകാരമുള്ള ഒരു മറുപടിയാണു് പറയുവാൻ പോകുന്നതു് എന്നു ഞാൻ വിചാരിച്ചില്ല. വാസ്തവത്തിൽ വിദ്യാഭ്യാസകാര്യത്തിൽ അരയന്മാർ അധ:കൃതരിലും അധ:സ്ഥിതരായ ഒരു നിലയിലാണു് സ്ഥിതിചെയ്യുന്നതു് എന്നുള്ളതു് ഞാൻ പറയാതെതന്നെ നിങ്ങൾക്കറിയാം. ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതു് അധ:കൃതസമുദായത്തിനുവേണ്ടി ചിലവാക്കുന്ന സംഖ്യയിൽനിന്നു് ഇതിലേക്കു പണമെടുക്കണമെന്നോ, എന്റെ സമുദായത്തെ, അധ:കൃതസമുദായത്തിൽ പെടുത്തണമെന്നോ, യാതൊന്നും ഉദ്ദേശിച്ചുകൊണ്ടല്ല. അങ്ങിനെയുള്ള അർത്ഥമാനം ഈ പ്രമേയത്തിൽ സൂചിപ്പിക്കുന്നുണ്ടെന്നു തോന്നുന്നില്ല. വിദ്യാഭ്യാസകാര്യത്തിൽ ഞങ്ങൾ ഏറ്റവും പിന്നോക്കമാണെന്നു് സ്വയം സമ്മതിക്കുന്ന പരമാർത്ഥംകൊണ്ടു്, അധ:കൃതവിദ്യാർത്ഥികൾക്കു് അനുവദിച്ചുകൊടുക്കുന്ന വിദ്യാഭ്യാസസൌജന്യങ്ങളെപ്പോലെ ഏതെങ്കിലും ഒരു തുക അനുവദിച്ചുകിട്ടണമെന്നാണു് ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു്. വിദ്യാഭ്യാസകാര്യത്തിൽ, അധ:കൃതർക്കു് കൊടുത്തിട്ടുള്ള വിദ്യാഭ്യാസസൌജന്യങ്ങളേക്കാൾ എത്രയോ കൂടുതൽ അനുവദിച്ചുകിട്ടാൻ ഞങ്ങൾക്കർഹതയുണ്ടു്. ബഹുമാനപ്പെട്ട ഡയറക്ടർ അവർകളുടെ മറുപടിയിൽ ഞങ്ങളുടെ സമുദായം സാക്ഷരതയിൽ ഒട്ടും പിന്നോക്കമല്ല എന്നു പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. കേവലം എഴുത്തും വായനയും മാത്രമാണു് സാക്ഷരതയെങ്കിൽ അതിൽ ഞങ്ങൾ പിന്നോക്കമാണെന്നു പറയാൻ ഒരുപക്ഷേ ഞാൻ മുതിർന്നില്ല എന്നു വരുമെക്കാം. എന്നാൽ ദാരിദ്ര്യത്തിൽ കഴിഞ്ഞുകൂടുന്ന ഞങ്ങളുടെ സമുദായത്തിനു്, ഫോറം ക്ലാസോ, ബി. എ. യോ പാസ്സായശേഷം എന്തെങ്കിലും വ്യവസായപരമായൊ ഔദ്യോഗികപരമായൊ ഉള്ളവഴി സ്വീകരിച്ചു് അവരുടെ വയറുപിഴപ്പിനുള്ള മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കാനുള്ള ഒരുപാധിയായിട്ടാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതു്. പരമാർത്ഥം പറയുകയാണെങ്കിൽ ഇവിടത്തെ കോളേജിൽ അരയസമുദായത്തിൽനിന്നു ഒരു വിദ്യാർത്ഥി മാത്രമാണു് വിദ്യാഭ്യാസം ചെയ്യുന്നതു്.

Rao Sahib I. N. Menon *(Directer of Public Instruction)*: Sir, I have got the figures from the official report of the College authorities. So I may be-allowed to stick to my figures until they are contradicted by facts.

മിസ്റ്റർ കെ. എ. രാഘവൻ: ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ഈ സംഗതിയെപ്പറ്റി ആലോചിക്കാമെന്നു പറഞ്ഞതിൽ സന്തോഷമുണ്ടെങ്കിലും, ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുവാൻ ഞാൻ മറ്റൊരു വിധത്തിൽ നിർബ്ബന്ധിതനായതുകൊണ്ടു് ഇതു് പ്രസ്സുചെയ്യണമെന്നു് ഞാൻ വിചാരിക്കുന്നു.

Resolution put and carried.

8. Payment of Dearness Allowance to teachers of self-supporting Schools

Mr. P. K. Paul *(Chalakkudi)*: The resolution that stands in my name is. *"This Council recommends to Government that the dearness allowance in full be paid by Government themselves to all the teachers in the private management schools as well"*.

Sir, my resolution seeks to provide dearness allowance in full to be paid by Government to not only aided teachers but contemplates the inclusion of teachers of self-supporting schools as well who are at present receiving neither grant nor dearness allowance. They too rightly deserve the benefit of the dearness allawance—an allowance given under extraordinary circumstances of acute food shortage and appalling distress of an unprecedented character, but I seriously apprehend that by the very inclusion of the latter category of teachers the Government may take shelter under their favourite idiom—an unwarranted phraseology, namely, paucity of funds. Hence such teachers who too are suffering under torturing and excruciating pangs of chill penury, have to be left behind with great pain of heart to see that Government do not stand in the way of aided teachers. Since there in an identical resolution standing in the name my Hon'ble friend Mr. C. S. Panickar and in the name of many other Hon'le Members I do not press this resolution to see that my friend Mr. Panickar takes it up.

Resolution not moved.

LIBRARY ARCHIVES Kerala Legislative Assembly